പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 211, 240 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെയും (19-3-2015-ന് സമ്മേളനം ഇല്ലാതിരുന്നതിനാൽ ചട്ടം 46 പ്രകാരം 23-3-2015-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ) 2622-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VII റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

12.28 PM]

മി. സ്പീക്കർ : ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി I-ന്റെ പ്രത്യേക റിപ്പോർട്ട് അവതരിപ്പിക്കാവുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി, (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ ചെയർമാനായ ഞാൻ ജൈവ കൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉൽപ്പാദനവും എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

12.29 PM]

ശ്രീ. കെ. മുരളീധരൻ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള ശിപാർശകളോട് സഭ യോജിക്കുന്നുവെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015 ജൂലൈ മാസം 13-ാം തീയതി സമർപ്പിച്ച പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള ശിപാർശകളോട് സഭ യോജിക്കുന്നുവെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ശിപാർശ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

IX അറിയിപ്പ്

താക്കീത്

12.30 PM]

മി. സ്പീക്കർ: 2013 മാർച്ച് മാസം 14-ാം തീയതി ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരേതനായ റ്റി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാവുന്നതല്ലാത്തതിനാലും പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് അദ്ദേഹം നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും നിയമസഭാംഗമെന്ന ബഹുമാന്യ പദവിക്ക് കോട്ടംതട്ടുന്നരീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രീ. പി. സി. ജോർജിനെ താക്കീത് ചെയ്യുന്നു.

12.31 PM]

ശ്രീ. പി. സി. ജോർജ്: സർ, നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും അതിലൂടെ ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ ഭരണഘടനാപരമായ ബാദ്ധ്യതയായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നരീതിയിൽ പ്രവർത്തിക്കണമെന്നും ശക്തമായി ആവശ്യപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ആ നിലയ്ക്ക് 2013 നവംബർ 6-ാം തീയതി കേരളാ കോൺഗ്രസ്സ് (എം.)- ന്റെ രണ്ട് മെമ്പർമാർകൂടി .....

LIBRARY ARCHIVES Kerala Legislative Assembly